**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**20 MARCH 2020**
**25 RAJAB 1441**

# THE SIGNS OF ALLAH (Part 2)
## അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം -2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം -2)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഈ വിഷയം സംബന്ധമായി മാർഗനിർദ്ദേശത്തിനായി ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, 2006 ഫെബ്രുവരി മാസത്തിൽ എന്നെ അല്ലാഹു(ത) പഠിപ്പിച്ചതും, വെളിപാടുകൾ നല്കിയതുമായ വചനത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടു പോവുകയുണ്ടായി. പ്രസ്തുത വചനത്തിൽ ലോകമെങ്ങും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും അവന്റെ ദൈവീകശിക്ഷാനടപടികളെകുറിച്ചും, ഈ നൂറ്റാണ്ടിൽ വിശ്വാസ നവീകരണാർത്ഥം ഞാൻ വന്നതിന്റെ ആവശ്യകതയെകുറിച്ചും ഒക്കെ പരാമർശിക്കുകയുണ്ടായി.

വിശുദ്ധഖുർആനും മറ്റു ദൈവീക വേദഗ്രന്ഥങ്ങളും പ്രഖ്യാപിക്കുന്നത്, കുറച്ചാളുകൾ ഒരു തെറ്റായ തത്വങ്ങൾ പിന്തുടരുന്നതുകൊണ്ടോ, ഉദാഹരണത്തിന്, അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നു, ഗോളങ്ങളെ ആരാധിക്കുന്നു, അല്ലെങ്കിൽ അഗ്നിയെ ആരാധിക്കുന്നു, അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മറ്റെന്തിനെങ്കിലും ആരാധിക്കുന്നു. അല്ലെങ്കിൽ ഒരു വ്യക്തിയെ ആരാധിക്കുന്നു-ഇപ്രകാരം ചെയ്യുന്നതിന്റെ പേരിൽ നാശവും അധഃപതനവും ഈ ലോക ജീവിതത്തിൽ, ശിക്ഷ എന്ന നിലയിൽ, ജനങ്ങളുടെ മേൽ തുടരെ തുടരെ അടിച്ചേല്പിക്കുന്നതല്ല.

വിശ്വാസത്തിന്റെ പേരിലോ, ആദർശങ്ങളിലെ തെറ്റുകളുടെ പേരിലോ ഈ ലോകത്ത് ആരെയും അവൻ ശിക്ഷിക്കുന്നതല്ല. തീർച്ചയായും ഈലോകജീവിതം അവിശ്വാസികൾക്ക് ഒരു പർദീസയാണ്. എന്നാൽ കൂടുതലായും വിശ്വാസികളാണ് ഈ ലോകത്ത് വേദനയും ശിക്ഷയും അനുഭവിക്കുന്നത്. നമുക്ക് വളരെയധികം ഗുണപാഠം നല്കുന്ന ഒരു ആപ്തവാക്യമുണ്ട്. "അവിശ്വാസികൾക്ക് ഈ ലോകം ഒരു സ്വർഗമാണ്, വിശ്വാസികൾക്ക് ഒരു ജയിലും!"

അവിശ്വാസികളുടെ സ്വർഗമാണ് ഈ ലോകമെങ്കിൽ, നാം അതിലേക്ക് ഒരു നിരീക്ഷണം നടത്തുകയാണെങ്കിൽ, നമുക്ക് സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാണ്, അവിശ്വാസികൾ സാമ്പത്തികമായി വളരെ ഉയർന്നു നില്ക്കുന്നതായി കാണാം. ഈ ലോകത്തിലെ പ്രലോഭനങ്ങളിലും അവർ മുൻപന്തയിൽ തന്നെ! വിശുദ്ധഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. അവിശ്വാസികൾക്ക് ഇഹലോകത്തിലെ സാധനസാമഗ്രികളും സുഖസൗകര്യങ്ങളും കൊണ്ട് അലംകൃതമാക്കുന്നതാണെന്ന്! പിന്നെ എങ്ങനെയാണ്, ചില അവിശ്വാസികളായ ജനങ്ങളെ, ഈ ലോകത്ത് വച്ച് തുടരെ തുടരെ ഉപദ്രവിക്കുന്നതും, യാതനകൾ, ദാരുണ വേദനകൾ ഇവ അനുഭവിപ്പിക്കുന്നതും, സർവ്വശക്തനായ ദൈവം അവരെ നശിപ്പിക്കുന്നതും, അതോ, അത് മഹാവിപത്തുകളിലൂടെയും, കൽമഴ വർഷിച്ചു കൊണ്ടും, കൊടുങ്കാറ്റുകൾ കൊണ്ടും, രോഗങ്ങൾ കൊണ്ടും! ഇതിന്റെ ഉത്തരം ഇതാണ്. ഈ കൊടുംയാതനകൾ ഒന്നിനുപുറകെ മറ്റൊന്നായി അനുഭവിക്കുന്നത്, വെറും അവിശ്വാസത്തിന്റെ പേരിലല്ല. പിന്നെന്തിനാണ്? പ്രസ്തുത ജനതയെ ഈ സന്താപത്തിലകപ്പെടുത്തി, നശിപ്പിച്ച് നാമാവശേഷമാക്കിയതു, ദൈവീകദൂതന്മാരെ നിരസിച്ചതുകൊണ്ടും, വളരെ വലിയ അതിർലംഘനങ്ങൾ നടത്തിയതിനാലും, കളിയാക്കിയതിനാലും, പരിഹസിച്ചതിനാലും, പീഡിപ്പിച്ചതിനാലും, മാത്രമല്ല സർവ്വശക്തനായ അല്ലാഹുവിന്റെ കണക്കുകൂട്ടൽ പ്രകാരം, അവരുടെ അതിക്രമം തന്നെ, അവരുടെ നാശത്തിന് കാരണങ്ങളായി തീർന്നു.

അപ്പോൾ അല്ലാഹു(ത)യുടെ ക്രോധം ഉയർത്തെഴുന്നേറ്റു. അവർ നശിപ്പിക്കപ്പെട്ടു. വിവിധ രീതിയിലുള്ള ശിക്ഷകളിലൂടെ! ഇത് കാണിക്കുന്നത് അവിശ്വാസം, ഇഹലോകത്ത് ജനങ്ങളെ ശിക്ഷിക്കുവാനുള്ള ഒരു കാരണമല്ല എന്നാണ്. പിന്നെ ഇതിന്റെ കാരണം അങ്ങേ അറ്റത്തെ

തെമ്മാടിത്തരവും, കാഠിന്യപ്രവർത്തികളുമാണ്. അത്തരത്തിലൊരുവൻ, അവനൊരു വിശ്വാസി ആണെങ്കിൽപോലും, തെറ്റു ചെയ്യുന്നതിന്റെ അതിരുകൾ മറികടന്നുകഴിഞ്ഞാൽ, പീഡനങ്ങളുടെ അതിർവരമ്പ് ലംഘിച്ചാൽ, കഠിനകഠോര പ്രവർത്തികളുടെ പരിധി കടന്നാൽ, അങ്ങനെ അല്ലാഹുവിന്റെ മഹത്വത്തെ സമ്പൂർണ്ണമായും വിസ്മരിച്ചു കഴിഞ്ഞാൽ അവർ സ്വയം അവരുടെ മേൽ ദൈവീക ശിക്ഷ വലിച്ചു കൊണ്ടു വരുകയാണ് ചെയ്യുന്നത്.

മറുവശത്ത് ഒരു അവിശ്വാസി, അവൻ ശാന്തനും ഭയമുള്ളവനുമാണ്. എന്നാൽ അവൻ മാർഗഭ്യംശം നടത്തുന്നതിന്റെ പേരിൽ ഈ പ്രത്യേക കാര്യത്തിൽ അവനെ പിടിച്ചു ശിക്ഷിക്കുകയില്ല. പുരാതന കാലം മുതൽ ഈ ലോക ശിക്ഷസംബന്ധമായി സുസ്ഥാപിതമായ തത്വചിന്ത ഇതാകുന്നു. ഇത് അല്ലാഹുവിന്റെ പണ്ടേ തുടരുന്ന നടപടി ക്രമമാകുന്നു. എല്ലാ ദൈവീക ഗ്രന്ഥങ്ങളും അതിനു സാക്ഷ്യം വഹിക്കുന്നുമുണ്ട്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറഞ്ഞതുപോലെ, ഒരു രാജ്യത്തെ (അവിടുത്തുകാരുടെ ദുഷ്ചെയ്തികൾ നിമിത്തം) നാം നശിപ്പിക്കുവാൻ ഉദ്ദേശിച്ചാൽ അതിലെ സുഖലോലുപൻമാരെ (പ്രവാചകൻ മുഖേന) നാം ശാസിക്കുന്നു. അപ്പോൾ അവർ അതിൽ ധിക്കാരം പ്രവർത്തിക്കുന്നു. അതിനാൽ അതിനെതിരിൽ നമ്മുടെ ശിക്ഷയുടെ വചനം പൂർത്തിയാവുന്നു. അങ്ങനെ നാം അതിനെ നിശ്ശേഷം നശിപ്പിച്ചു കളയുന്നു. (17:17 ബനീഇസ്റായീൽ)

മറ്റൊരു വചനത്തിൽ പറയുന്നു.

“നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല. അവയുടെ കേന്ദ്ര സ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതികേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പ് നല്കുന്നതുവരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ (ഒരിക്കലും) നശിപ്പിക്കാറില്ല.” (അൽഖസസ് 28:60)

നിശ്ചയമായും നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ദൈവത്തിന് പങ്കുകാരെ സ്ഥാപിക്കുക എന്ന ഒരേ ഒരു തെറ്റുകൊണ്ട് മാത്രമല്ല ശിക്ഷിക്കുന്നത്, എന്നാൽ ഇതൊരു വലിയ പാതകം തന്നെയാണ്. എന്നാൽ ഈ വചനത്തിൽ, തെറ്റുചെയ്യൽ എന്നതുകൊണ്ടർത്ഥമാക്കുന്നത്. അനുസരക്കേടും, ദുഷ്പ്രവർത്തികളും അതിരുകടക്കുമ്പോഴാണ്. ദൈവത്തിന് പങ്കുകാരെ വെച്ച് ആരാധിക്കുന്നവരെ ഇവിടെ

ശിക്ഷിക്കുന്നില്ല, എന്നാൽ അവർ അതിലൂടെ മറ്റുള്ളവർക്ക് പീഡനങ്ങളൊന്നും ചെയ്യുന്നില്ലെങ്കിൽ കഠിന പ്രവർത്തികളും ചെയ്യുന്നില്ലെങ്കിൽ, ക്രമസമാധാനലംഘനവും ഉണ്ടാക്കുന്നില്ലെങ്കിൽ, ദൈവത്തിന്റെ യഥാർത്ഥ വിശ്വാസം പ്രബോധിക്കുന്നവരെ ആക്രമിക്കാതിരിക്കുകയാണെങ്കിൽ, അവരെ വധിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നില്ലെങ്കിൽ, അത്തരം പാപങ്ങൾക്കുള്ള ശിക്ഷ, വാഗ്ദാനം ചെയ്തിരിക്കുന്നത് പരലോകത്തുവെച്ചാണ്, അത് ഭൂമിലോകത്തുവെച്ചല്ല എന്ന് സാരം! എന്നാൽ സർവ്വശക്തനായ ദൈവത്തിന് പങ്കുകാരെ സ്ഥാപിക്കുന്നിനോടൊപ്പം മുകളിൽ ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഗുരുതരമായ കുറ്റങ്ങൾ ജനങ്ങൾ ചെയ്യുകയാണെങ്കിൽ, അതായത് യഥാർത്ഥവിശ്വാസം പ്രബോധിക്കുന്നവരെ കുറ്റാരോപിതരാക്കുകയാണെങ്കിൽ, തെറ്റു ചെയ്യുന്നതിന്റെ സീമകൾ അതിലംഘിക്കുകയാണെങ്കിൽ, അപ്പോൾ അല്ലാഹുവിന്റെ ക്രോധം അത്തരം ആളുകളെ പിടികൂടുന്നതാണ്, അത് ഇഹലോകത്തും നാളെ പരലോകത്തും!

ഈ ജീവിതത്തിൽ കഠിനശിക്ഷ അടിച്ചേല്പിക്കുന്നത് സത്യനിഷേധികൾ അതിരുകടക്കുന്ന സമയത്താണ്. മറ്റൊരു വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ!

തീർച്ചയായും നിനക്ക് മുൻപ് ദൂതന്മാർ പരിഹസിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ സത്യനിഷേധികൾക്ക് നാം അവസരം നീട്ടിക്കൊടുത്തു. പിന്നെ നാം അവരെ പിടികൂടി. അപ്പോൾ എന്റെ ശിക്ഷ എങ്ങനെ ആയിരുന്നു (അർറഅ്ദ് 13:33)

അതുമാത്രമല്ല, അവിശ്വാസികൾ ഇസ്ലാമിനെ ഇല്ലാതാക്കുവാൻ പദ്ധതികൾ തയ്യാറാക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു. അവർ ഒരു തന്ത്രം ആസൂത്രണം ചെയ്തു. അവർ അറിയാത്തവിധത്തിൽ (അവർക്കെതിരായി) നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പരണതി എങ്ങനെയായിരുന്നുവെന്ന് നോക്കുക- തീർച്ചയായും നാം അവരെയും അവരുടെ ജനതയെയും എല്ലാവരെയും നിശ്ശേഷം തകർത്തുകളഞ്ഞു. അപ്പോൾ അതാ അവർ അക്രമം പ്രവർത്തിച്ചതു നിമിത്തം അവരുടെ വീടുകൾ വീണുകിടക്കുന്നു. തകർന്നടിഞ്ഞു കിടക്കുന്നു. നിശ്ചയമായും കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് ഇതിൽ ഒരു വലിയ ദൃഷ്ടാന്തമുണ്ട്. (അന്നംല് 27:51-53)

ഈ വചനങ്ങളൊക്കെകാണിക്കുന്നത് അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള കഠിന ശിക്ഷ ഈ ലോകത്ത് വെച്ച് അടിച്ചേല്പിക്കുന്നത്, ഒരു വ്യക്തി, അവന്റെ ഔദ്ധത്യം, ഗർവ്വം എല്ലാ സീമകളും മറികടക്കുമ്പോഴാണ്.

ഒരേ അളവിൽ അടിച്ചേല്പിക്കപ്പെടുന്നില്ല. ചെറിയ നിലയിലുള്ള ഒരു ശിക്ഷാവിധിക്ക് വിധേയനായ ഒരവിശ്വാസി അത്തരം ശിക്ഷയുടെ പാരമ്യതയെപറ്റി ഭയാകുലനാകുന്നു. എങ്കിലോ, കല്ലേറിയൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ബഹുദൈവ വിശ്വാസി പേടിച്ച് മരിക്കുകയാണെങ്കിലോ, അത്തരത്തിലുള്ളവരെ ഇത്തരം കഠിന ശിക്ഷകൾക്ക് വിധേയരാക്കപ്പെടുന്നില്ല. സർവ്വശക്തനായ ദൈവം അങ്ങേഅറ്റം കരുണയുള്ളവനും ദയാലുവും ആണ്. ഇഹലോകത്ത് കഠിനശിക്ഷയ്ക്ക് കാരണമാകുന്ന പ്രവർത്തനങ്ങളിൽ മനഃപൂർവ്വം ഏർപ്പെടുന്ന വ്യക്തിയെ മാത്രമെ അത്രയും കഠിനമായ ദൈവീക ശിക്ഷയുമായി അല്ലാഹു സമീപിക്കുകയുള്ളു.

കാലത്തിന്റെ ഭീഷണികളെ അതിജീവിച്ച് ആയിരക്കണക്കിന് വർഷങ്ങൾക്കു ശേഷം മാനവരാശിക്ക് ഒരു താക്കീതായി ഫറോവയുടെ ശവശരീരത്തെ നിലനിർത്തുന്നതാണെന്ന ഖുർആനിലെ പ്രവചന പൂർത്തീകരണവും നമ്മുടെ മുമ്പിലുണ്ട്. ഇത് ദൈവീക ശിക്ഷയ്ക്ക്, ശക്തമായ തെളിവിനായി വിശുദ്ധഖുർആൻ എടുത്തുകാട്ടുന്നു.

എന്തായാലും ശരി, കാര്യങ്ങൾ അവിടെ തീരുന്നില്ല. നിഷ്പക്ഷ മതിയായ വ്യക്തിക്ക് ബോധ്യപ്പെടത്തക്ക രീതിയിലുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഓരോ കാര്യത്തിനും വിശുദ്ധഖുർആൻ മുന്നോട്ടുവെയ്ക്കുന്നുണ്ട് എന്ന സത്യം നാം ഓർക്കേണ്ടതായിട്ടുണ്ട്.

പ്രകൃതി നിയമങ്ങളുമായി പരസ്പര പൂരകബന്ധം പുലർത്തുന്നുണ്ട്. ദൈവീക ശിക്ഷ എന്നിരിക്കിലും, മറ്റൊരു വീക്ഷണകോണിൽ (ആത്മീയമായി) ചിന്തിക്കുമ്പോൾ അതിന്റെ മാനവും നിലയും മാറിവരുന്നത് കാണാം.

വിശുദ്ധഖുർആനും ഹദീസും അവലംബമാക്കി വിലയിരുത്തുമ്പോൾ ഇസ്ലാമിന്റെ വിജയം രണ്ടു വ്യത്യസ്തവും, വ്യതിരിക്തവുമായ കാലഘട്ടത്തിലായി വരുന്നതായി കാണാവുന്നതാണ്. ഒന്നാം ഘട്ടം ഇസ്ലാമിന്റെ പ്രാരംഭ ദിശയാണ്. അത് തിരുനബി(സ) യുടെ കാലംമുതൽ ഇസ്ലാം പുരോഗതിയിലെത്തി. പിന്നീട് ശുഷ്ക്കിച്ചു പോകുന്ന

അവസ്ഥയിലെത്തുന്ന സമയം വരെ നീണ്ടു കിടക്കുന്നു. ഈ ശിഥിലാവസ്ഥയിൽ ഇസ്ലാമിൽ യാതൊരു വിധ പുരോഗതിയും ഉണ്ടായില്ല. അപകടകരമായ പ്രതിസന്ധികളെ നേരിടേണ്ടി വന്ന ഈ കാലയളവിൽ ഇസ്ലാം അന്ധകാരസമാനമായ അജ്ഞതയിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. അല്ലാഹു(ത) പ്രവാചൻ (സ)യ്ക്ക് ഇസ്ലാമിന് മുന്നേറ്റമുണ്ടാകുമെന്നും, അത് മറ്റു മതങ്ങളുടെ വെല്ലുവിളിക്ക് മുൻപിൽ, അത് മുൻപന്തിയിൽ എത്തുമെന്നും അറിയിച്ചുകൊടുക്കുകയുണ്ടായി. തദവസരത്തിൽ ഒരു സഹാബി ആ കാലം സമാഗതമാകുന്നതെപ്പോഴാണെന്ന് തിരുമേനി (സ)യോട് ആരായുകയുണ്ടായി.

പ്രവാചകൻ (സ) അരുളി; അല്ലാഹുവിന്റെ മസീഹ് ആഗതനാകുമ്പോൾ അത് സംഭവിക്കും. ഈ പ്രവചനങ്ങളെപ്പറ്റി ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ നമുക്ക് ആശ്വാസം പകരുന്ന ചിന്ത ഇതാണ്. അക്ഷരം മാത്രമായി ഇസ്ലാം തരം താഴ്ന്നുപോകുമെന്ന അവസ്ഥ അക്ഷരംപ്രതി പുലർന്നാൽ, നിസ്സംശയം നമുക്ക് കാത്തിരിക്കാം, ലോകമതങ്ങളെ അതിജയിച്ച്, ഇസ്ലാം വിജയത്തിന്റെ വെന്നിക്കൊടി പാറിക്കുന്നകാലം വിദൂരത്തല്ല. ശിശിരകാലം വന്നാൽ പിന്നെ വസന്തകാലത്തിന് മാറി നില്ക്കാവതല്ലല്ലോ. പ്രവാചകന്മാരും അനുയായികളും നാശത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടതെങ്ങനെയെന്ന് നാം ആലോചിച്ചു നോക്കുമ്പോൾ നമുക്ക് മനസ്സിലാകും, ഒന്നുകിൽ പ്രവാചകനും അദ്ദേഹത്തിന്റെ അനുയായികളും സ്വയം ആ നാട് വിട്ടുപോയിരുന്നു. അല്ലെങ്കിൽ ആ നാട്ടുകാർ അവരെ നാടുകടത്തിക്കുകയായിരുന്നു എന്ന്! ഈ രണ്ട് സാഹചര്യമായാലും ശരി ദൈവീക ശിക്ഷ നടമാടിയ വേളകളിൽ പ്രവാചകരുടെയും കൂട്ടരുടെയും സാന്നിധ്യം ആ നാട്ടിലുണ്ടായിരുന്നില്ല.

ശാരീരികമായി നമ്മെ ബാധിക്കാതെ ഒഴിച്ചുനിർത്തുവാനാവാത്ത ദുരന്തങ്ങളുമുണ്ട് ഭൂമിയിൽ. എങ്കിലും അത്തരം വിപത്തുകൾക്ക് അല്ലാഹുവിന്റെ പരിശുദ്ധരായ ഭക്തദാസരെ തൊട്ടുകളിയ്ക്കാനോ, നശിപ്പിക്കാനോ സാധിക്കുന്നതല്ല. ഇതിനു കാരണം പ്രവാചകന്മാർക്ക് അല്ലാഹു ഇവ സംബന്ധിച്ച് അറിവ് മുൻകൂട്ടി നല്കുകയും, അതിനെ പ്രതിരോധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു എന്നതാണ്. അതവർ അക്ഷരം പ്രതി അനുസരിക്കുന്നു, അതിനപ്പുറം അവർ മറ്റൊന്നും ചെയ്യുന്നുമില്ല.

തങ്ങളാൽ കഴിയുന്ന എല്ലാ പ്രതിരോധ നടപടികളും അവലം ബിക്കുവാൻ ശേഷിയുള്ളവരാണെങ്കിലും, എതിർപക്ഷത്തുള്ളവർ, എത്തിച്ചേർന്നിരിക്കുന്ന ദുരന്തമുഖത്തു നിന്നും ഓടിഒളിയ്ക്കുവാൻ തങ്ങൾക്ക് കഴിയില്ല എന്ന സത്യം അവർ തിരിച്ചറിയുന്നു. പ്രവാചകനും അദ്ദേഹത്തിന്റെ അനുയായികളും അല്ലാഹു(ത) യുടെ അപാരശക്തി യാൽ, വലയം ചെയ്യപ്പെട്ട് സുരക്ഷിതരായിരിക്കുമ്പോൾ മറ്റുള്ളവർ തങ്ങൾക്ക് ചുറ്റുമുള്ള അവസ്ഥാവിശേഷം കണ്ട് സ്തബ്ധരായി നില്ക്കുന്നു. പ്രവാചകനെയും അനുയായികളേയും സുരക്ഷിതരായി നിലനിർത്തി നയിയ്ക്കുന്ന ശക്തിയെ പറ്റി അവർക്ക് ധാരണ ഇല്ലാത്ത തുപോലെ അതവർക്ക് അന്യവും ഗ്രഹിക്കുവാൻ പ്രയാസമുള്ളത്ര ദുരൂ ഹവും ആയതുപോലെ-കാണപ്പെടുന്നു.

സർവ്വശക്തനായ അല്ലാഹു(ത) തന്റെ കോപം, തെറ്റുചെയ്യുന്ന എല്ലാ ആൾക്കാരിലേക്കും, എടുത്തുപറയുകയാണെങ്കിൽ, ബഹുദൈ വവിശ്വാസകളിലേക്ക്, ഒറ്റയടിക്ക് വർഷിക്കുകയില്ല. ആളുകളുടെ കർമ്മ ങ്ങൾക്കും, വരാനിരിക്കുന്ന ശിക്ഷയെപറ്റിയുള്ള അവരുടെ കാഴ്ചപ്പാ ടിനെയും ആധാരമാക്കിയാവും ഈ ശിക്ഷ! ക്രമേണ നമ്മിലേക്ക് ആപ തിക്കുക. നാം മനസ്സിലാക്കേണ്ട വസ്തുത ഇഹലോകത്തെ ശിക്ഷ അല്പകാലത്തേക്ക്-നാം ഈ ഭൂമിയിൽ ജീവിക്കുന്ന അത്രയും കാലം മാത്രം-ഉള്ളതായിരിക്കും എന്നതും, മറിച്ച് പരലോകശിക്ഷ കാലാകാലം നീണ്ടു നില്ക്കുന്ന ഒന്നാണ് എന്നുള്ളതുമത്രെ! മററു വിശ്വാസങ്ങൾക്കു മേൽ അവന്റെ വിശ്വസം (അല്ലാഹുവിന്റെ സത്യം) ആധിപത്യം പ്രാപി ക്കുന്നതിന് ഏറ്റവും അനുയോജ്യമായ സമയം എത്തുന്നതുവരെ അല്ലാ ഹു(ത) ഇത്തരക്കാരിലേക്ക് തന്റെ ശിക്ഷ ഇറക്കുവാനുള്ള പദ്ധതി (ത ന്ത്രം) വൈകിപ്പിക്കുന്നു. ഒരു ചെറിയ കാലയളവിലേക്ക് അസത്യം വിജ യിച്ചേക്കും. സത്യത്തിന് എപ്പോഴും ശക്തിയില്ലാതെ പിൻവാങ്ങി നില്ക്കാനാവില്ല. അസത്യത്തിന്റെ മേൽക്കോയ്മ നൈമിഷികമാണ്. അന്തിമ വിജയം തീർച്ചയായും സത്യത്തിനു തന്നെയാണ്. അല്ലാഹു(ത) അൽഹഖ് ആയിരിക്കെ ഇഹത്തിലും പരത്തിലും തന്റെ സത്യത്തെ സംരക്ഷിക്കുന്നവൻ ആയിരിക്കെ സത്യമെങ്ങനെ പരാജയമടയും?

അവിശ്വാസകൾക്കുള്ള നേട്ടം/വിജയം നൈമിഷികമാണ്. താത്ക്കാലിക പ്രതിഭാസം മാത്രമാണ്. കാരണം അല്ലാഹു(ത) തന്റെ അഗാധശക്തിപ്രഭാവം കൊണ്ട് താൻ അതിശക്തനാണെന്നും, സർവ്വ

തിനെയും ഉൾക്കൊള്ളുന്നവനാണെന്നും അവസാനം അവർക്ക് കാട്ടി കൊടുക്കുന്ന ദിനം അവർക്ക് മുന്നിൽ വരുകതന്നെ ചെയ്യും. അന്നേ ദിവസം അവൻ അവരെ–കുറ്റവാളികളെ–തന്റെ ദൈവീകശിക്ഷയിൽ നിഷ്ക്കരുണം ചതച്ചരയ്ക്കും.

കൊറോണാ വൈറസ് ഭീഷണിപൊട്ടിപ്പുറപ്പെട്ടിരിക്കുന്ന ഈ വേളയിൽ, 2020 ജനുവരി 31ന് നടത്തിയ വെള്ളിയാഴ്ച ഖുത്തുബയിലും തുടർന്ന് മാർച്ച് 11ന് ഞാൻ നല്കിയ പ്രത്യേക സന്ദേശത്തിലും ഓർമ്മിപ്പിച്ചതു പോലെ, അല്ലാഹു(ത) നമ്മളെ അത്തരം ഒരു സാഹചര്യത്തിനായി ഒരുക്കിയിരിക്കുകയാണ്. അല്ലാഹു(ത) തന്റെ ഖലീഫത്തുല്ലാഹ്യ്ക്ക് വെളിപാടുമുഖേനയും, അവന്റെ (അല്ലാഹുവിന്റെ) ഭക്തദാസർക്ക് സന്ദേശങ്ങളിലൂടെയും വരാനിരിക്കുന്ന മഹാവിപത്തുക്കളെപറ്റി അറിവ് നല്കുകയും അത്യുന്നതവും മഹനീയവുമായ രീതിയിൽ തന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നതാണെന്ന് ഉറപ്പു നല്കുകയും ചെയ്തിരിക്കുന്നു.

നാളിതുവരെ ലഭ്യമായ ഔദ്യോഗിക കണക്കുകൾ പ്രകാരം 9000 മരണവും 2,30,000 പോസിറ്റീവ് കൊറോണ കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അമേരിക്കയിലെ പല വിശിഷ്ടവ്യക്തികളും കൊറോണവൈറസിന്റെ ആക്രമണത്തിനിരയായിരിക്കുന്നു. ഈ ചെറിയ മൗറിഷ്യസ് പോലും കൊറോണാ വൈറസിന്റെ പിടിയിലായിരിക്കുന്നു. നിരവധി പോസിറ്റീവ് കേസുകളാണ് ദിനം പ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഔദ്യോഗികമായി 7 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭയം ലോകത്തെ പിടിമുറുക്കുന്നു. ഞങ്ങളുടെ ഈ കുഞ്ഞ് ദ്വീപിലും പലതരത്തിൽ ജനങ്ങൾ ഭയചകിതരായി മാറിക്കൊണ്ടിരിക്കുന്നു. ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ വിപത്തിനെ മഹാമാരി എന്ന ഗണത്തിൽപ്പെടുത്തി പറയാനല്ലാതെ ലോകാരോഗ്യസംഘനയ്ക്കു പോലും സാധ്യമല്ലാതായിരിക്കുന്നു.

തന്റെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നതിന് ശക്തിയുള്ളവനാണ് സർവ്വശക്തനായ അല്ലാഹു. തങ്ങളുടെ ചെയ്തികളെപറ്റി ചിന്തിപ്പിക്കുന്നതിനുവേണ്ടി അവൻ ജനങ്ങൾക്ക് വിപത്തുകൾ നല്കുന്നു! പക്ഷേ അവരൊന്നു ചിന്തിച്ചു നോക്കിയിട്ടു വേണ്ടേ! സ്വന്തം ചെയ്തികളെപറ്റി ഓർത്തു നോക്കിയിട്ടു വേണ്ടേ

അല്ലാഹു(ത)തന്റെ മുൻകടന്നുപോയ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കു അറിവും താക്കീതും നല്കിയിട്ടുള്ളതുപോലെ നമുക്കും വരാനിരിക്കുന്ന വിപത്തുകളെകുറിച്ച് മുൻകൂട്ടി അറിവ് നല്കിയട്ടുണ്ട്. ഇത്തരത്തിലുള്ള പകർച്ച വ്യാധികൾ പടരുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെപറ്റി നമ്മുടെ പ്രിയങ്കരരായ മുഹമ്മദ് മുസ്തഫ(സ) 1400 സംവത്സരങ്ങൾക്ക് മുന്നേ കൃത്യമായി നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടായിരുന്നു.

സഊദ്(റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. ഒരു പ്രദേശത്ത്/നാട്ടിൽ പ്ലേഗ് പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു എന്ന് കേട്ടാൽ, ആ പ്രദേശത്ത് (നാട്ടിൽ) പ്രവേശിക്കരുത്. പക്ഷേ, നിങ്ങൾ ആ നാട്ടിൽ ആയിരിക്കുന്ന വേളയിലാണ് ഇത് ഉണ്ടാകുന്നത് എങ്കിൽ, നിങ്ങൾ അവിടം വിട്ട് പോവുകയും അരുത് (ബുഖാരി)


അതെ, വളരെ നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ നമ്മുടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്യേണ്ട വിധം സംബന്ധിച്ച് നമുക്ക് വ്യക്തമായ ഉപദേശങ്ങൾ നല്കിയിരിക്കുന്നു. ഒരു പകർച്ച വ്യാധി പൊട്ടിപ്പുറപ്പെട്ട പ്രദേശത്തു നിന്നും പ്രാണരക്ഷാർത്ഥം ഒരാൾ ഓടിപ്പോകുന്നതിനെ വിലക്കുകയും, ആ സ്ഥലത്തു തന്നെ താമസിക്കുന്നതാണ് അഭികാമ്യം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അതുവഴി, മറ്റു പ്രദേശങ്ങളെ രോഗഭീതിയിൽ ആഴ്ത്തുന്നതിൽ നിന്നും മുക്തമാക്കുന്നതിന് സാധിക്കും എന്ന് പഠിപ്പിക്കുകയും ചെയ്തു.

പകർച്ച വ്യാധി ബാധിച്ച സ്ഥലത്ത് പെട്ടുപോയ ആ വ്യക്തി ഇസ്ലാമിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നവനും, ഭക്തിയുള്ളവനും ആണെങ്കിൽ അല്ലാഹു അവന് രക്തസാക്ഷിത്വപദവി നീക്കിവെച്ചിരിക്കുന്നു. പക്ഷേ, കപടവിശ്വാസികളും തെറ്റുകാരും (കുഴപ്പമുണ്ടാക്കുന്നവരും) ആണെങ്കിൽ അവർക്ക് തീർച്ചയായും പരലോകത്ത് കടുത്ത ശിക്ഷ നേരിടേണ്ടി വരികതന്നെ ചെയ്യും. എന്നാൽ അല്ലാഹുവിന്റെ പ്രവാചകന്റെ കാലത്ത് ദൈവീക വാഗ്ദാനത്താൽ സംരക്ഷിക്കപ്പെട്ട എല്ലാവരും സുരക്ഷിതരായിരിക്കും. അവർക്കൊരു വീഴ്ചയും അനുഭവിക്കേണ്ടി വരില്ല.

എന്നാൽ തങ്ങളുടെ കാലഘട്ടത്തിൽ ആഗതനായ പ്രവാചകനെ പീഡിപ്പിക്കുന്നതിൽ അതിരു ലംഘിക്കുകയും, അദ്ദേഹത്തേയും അദ്ദേഹത്തിന്റെ അനുയായികളെയും മോശപ്പെടുത്തുന്നതിൽ മുന്നിട്ടു നില്ക്കുകയും, തങ്ങളിലേക്ക് വരാനിരിക്കുന്ന ദൈവീകശിക്ഷാനടപടികളെ തൃണവൽഗണിക്കുകയും ചെയ്യുന്ന എല്ലാ ഓരോ വ്യക്തിക്കും ഇനി അവൻ എത്ര തന്നെ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് ആർത്തലച്ച് വിളിച്ചാലും, പറഞ്ഞാലും ശരി, അല്ലാഹുവിൽ നിന്നുള്ള ദൈവീകശിക്ഷ നേരിടേണ്ടി വരും. വരും തലമുറയ്ക്ക് ഒരു പാഠമായിരിക്കത്തക്കവിധം അവൻ അവരെ കഠിനമായി ശിക്ഷിക്കുന്നതായിരിക്കും.

സാധാരണ നിലയിലുള്ള-തോത് കുറഞ്ഞ-വിപത്തുകൾ മനുഷ്യഹൃദയത്തിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടാക്കാറില്ല. എന്നാൽ ഒരാൾ താൻ ചെയ്തു പോയ പാപപ്രവൃത്തികളെ ഓർത്ത് കുറ്റബോധമുള്ളവനും സ്വയം പശ്ചാത്തപിച്ച് മടങ്ങണമെന്നു ആഗ്രഹിക്കുന്നവനും ആയാൽ അവനിൽ അതിന് ആനുപാതികമായ മനോഭാവമാറ്റം ഉണ്ടാവുകയും ചെയ്താൽ അല്ലാഹു(ത) ദൈവീകശിക്ഷയെ അകറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു(ത)യുടെ ഈ പ്രത്യേക ഗുണത്തെ പറ്റി വിശുദ്ധഖുർ ആനിൽ ഇപ്രകാരം കാണാം. അവർ (ജനങ്ങൾ) പാപമോചനത്തിനായി പ്രാർത്ഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല. (അൽഅൻഫാൽ 8:34)

അല്ലാഹു (ത) മാനവകുലത്തിന് കരുണചൊരിയുകയും അവന്റെ ദൂതന്മാരെയും, അവന്റെ അടയാളങ്ങളെയും തിരിച്ചറിഞ്ഞ് ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുവാൻ അവരെ പ്രാപ്തമാക്കുകയും ചെയ്യുമാറാകട്ടെ! ഇൻശാ അല്ലാഹ് ആമീൻ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***